# *Index*


Thurumeni's Message.................................................. 2

Vicar's Message.......................................................... 4

Can you feel other people's feelings? .............................. 6

Bible Crossword.......................................................... 7

Bible Quiz.................................................................. 9

New Members............................................................ 10

Birthday Greetings...................................................... 11

Announcements.......................................................... 14

Last Month Events...................................................... 15





**നമ്മുടെ പ്രിയങ്കരനായ മുൻ വികാരി (1993-1995) വന്ദ്യ ദിവ്യ ശ്രീ എബ്രഹാം മണ്ണിക്കരോട്ട് കോറെപ്പിസ്ക്കോപ്പായുടെ ആകസ്മീക വേർപാടിൽ ഇടവക യ്ക്കുള്ള ആദരഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം ആചാര്യന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.**

**ആ-ചാരേശ്യ മശിഹാ കൂദാശകളർപ്പിച്ച**
**ആ-ചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം**




April Copy.indd 1 11-Apr-13 1:48:29 AM

# സത്യമായിട്ടും അവൻ ഉയിർത്തെഴുന്നേറ്റു...

അഭി. ഡോ. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത



യേശുക്രിസ്തുവിന്റെ ഉയിർപ്പാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനവും കേന്ദ്രബിന്ദുവും. ഉയിർപ്പുപെരുന്നാളിന്റെ ശുശ്രൂഷയിൽ ബഹു. ആചാര്യൻ പ്രഖ്യാപിക്കുന്ന ഉയിർപ്പു പ്രഖ്യാപനത്തിനു വിശ്വാസികൾ പ്രാർത്ഥനാനിർഭരമായി നൽകുന്ന മറുപടി ഏറെ ശ്രേഷ്ഠവും അർത്ഥവത്തുമായ ഒന്നാണ് "സത്യമായിട്ടും താൻ ഉയിർത്തെഴുന്നേറ്റു എന്നു ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു".

'സത്" എന്ന സംസ്കൃത ധാതുവിന്റെ അർത്ഥം 'നിലനിൽക്കുക', 'ആയിരിക്കുക' എന്നാണ്. "നിലനിൽക്കുന്നതെന്തോ അത്"എന്നതാണ് സത്യം എന്ന പദത്തിന്റെ അർത്ഥം. മഹാത്മാ ഗാന്ധി സത്യത്തെ ഈശ്വരനെന്നാണ് വിളിക്കുന്നത്. കാരണം, പ്രകൃതിയിൽ അനാദി മുതൽ സജീവമായി പരിവർത്തിക്കുന്ന അപരിമേയ ശക്തിയാണ് സത്യം. പരി. പൗലോസ് ശ്ലീഹാ കൊരിന്ത്യർക്കു എഴുതിയ ഒന്നാം ലേഖനത്തിലൂടെ വെളിപ്പെടുത്തുന്നു. 'ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊരി. 15:14).

## സമാധാനത്തിന്റെ ഉയിർപ്പുപെരുന്നാൾ

ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു ഭയവിഹ്വലരായിരുന്ന ശിഷ്യന്മാരുടെ അടുക്കൽ എത്തി അവരെ സമാധാനത്തിന്റെ ആത്മാവിൽ നിറച്ചു. അവരോടു പറഞ്ഞു "ഭയപ്പെടേണ്ട നിങ്ങൾക്കു സമാധാനം" (വി. യോഹ. 20:21) ഭയത്തിലാഴ്ന്ന തന്റെ ശിഷ്യന്മാർക്കു കൊടുത്ത സമാധാനം. ഈ സമാധാനം ലോകത്തിനു കൊടുക്കുവാനോ എടുക്കുവാനോ കഴിയില്ല. ഇതത്രെ ക്രിസ്തുവിന്റെ സമാധാനം. അതുകൊണ്ട് ക്രിസ്തു അരുളി ചെയ്തത്. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. അത് ലോകം തരുന്നത് പോലെയല്ല. ആ സമാധാനത്തിന്റെ സന്ദേശവാഹകരായി ക്രിസ്തു ശിഷ്യന്മാരെ ലോകത്തിലേക്കു അയച്ചു. യേശു ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശവും ദൈവീക സമാധാനം സ്ഥാപനമായിരുന്നു. പാപത്തിനടിമയായി, ദൈവത്തിൽ നിന്നു പോയ മനുഷ്യവർഗത്തെ തന്റെ മരണവും ഉത്ഥാനവും വഴി

പിതാവായ ദൈവവുമായി അനുരഞ്ജനപ്പെടുത്തി മാനവകുലത്തിന് ശാശ്വതമായ സമാധാനം നൽകി ക്രിസ്തീയ സമാധാനത്തിന്റെ സന്ദേശവാഹകരാകണം നാം. ആയതിന് ആ ദൈവീക



April Copy.indd 2 11-Apr-13 1:48:29 AM

സമാധാനത്തിൽ ചരിക്കുന്നവരാകണം. ദൈവസ്നേഹത്തിൽ മനുഷ്യൻ ചരിക്കുമ്പോഴാണ് ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവപ്പെടുന്നതും സമാധാനത്തിന്റെ ആത്മാവ് നമ്മിൽ നിറയുന്നുതും. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടുംകൂടി സ്നേഹിക്കണം ഇതാകുന്നു ഏറ്റവും ശ്രേഷ്ഠവും സുപ്രധാനവുമായ ദൈവ കല്പന. നിന്നെ പ്പോലെ തന്നെ നിന്റെ അയൽക്കാരെ സ്നേഹിക്കുക എന്നതു അതിനോടു സമമായ രണ്ടാമത്തെ കല്പനയാകുന്നു (വി. മത്താ. 22:37,39)

അനുദിന ജീവിതത്തിൽ നമ്മുടെ സൃഷ്ടാവായ ദൈവത്തോടും നാം സ്നേഹത്തിൽ ചരിക്കണം. ദൈവീക സംസർഗമായ പ്രാർത്ഥന, വി. ആരാധാന, ഉപവാസം, നോമ്പ് ഇവ ദൈവ സ്നേഹത്തിലേക്കും അതുവഴി ദൈവീക സമാധാനത്തിലേക്കും നമ്മെ നയിക്കും. ഈ സ്നേഹം സഹജീവികളോടും, പ്രകൃതിയോടും ഉണ്ടാകണം. സ്നേഹം നഷ്ടമാകുമ്പോൾ അവിടെ അസമാധാനത്തിന്റെ വിത്തു പൊട്ടിമുളയ്ക്കുകയാണ്. സ്നേഹം സമാധാനത്തിന്റെ വലിയ നദിയിലേക്കു എത്തിക്കുന്ന വലിയ കൈവരിയാണ്.

## ജീവിതലക്ഷ്യം നൽകുന്ന ഉയിർപ്പുപ്പെരുന്നാൾ

ഇനി എന്ത് എന്ന ചോദ്യത്തിനു നടുവിൽപ്പെട്ടലയുന്ന ശിഷ്യഗണത്തിനു മുമ്പിൽ ക്രിസ്തുനാഥൻ പ്രത്യക്ഷനായി. ഇത് അവർക്കു തങ്ങളുടെ ജീവിതത്തിനു പുത്തൻ ഉണർവിന്റെ അനുഭവമായി. ക്രിസ്തുവിന്റെ ഉയിർപ്പ് ജീവിതത്തിന്റെ അർത്ഥം നശിച്ച്, പേടിച്ച്, ഒളിച്ചു താമസിച്ച ശിഷ്യന്മാർക്കു ജീവിതലക്ഷ്യം നൽകിയതുപോലെ നമ്മുടെ വ്യക്തിജീവിതത്തിൽ ക്രിസ്തീയ മൂല്യങ്ങൾ പുനർജനിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും ഈ ഉയിർപ്പുപ്പെരുന്നാൾ ഒരു അനുഭവമാകണം. നമ്മുടെ ലക്ഷ്യം നിത്യജീവനാണ്. അലസതയുടെ അനുഭവത്തിൽനിന്നു. കർമ്മപദങ്ങളിലൂടെ വ്യക്തമായ ജീവിതത്തിനും സമൂഹത്തിനും സഭയ്ക്കും പ്രയോജനമുള്ളവരാകണം. ജീവിതലക്ഷ്യം നമ്മെ നന്മയിലൂടെ ദൈവത്തിലേക്കു നയിക്കുന്നു.

നമുക്ക് സമാധാനവാഹകരും ജീവിതലക്ഷ്യത്തിൽ ഊന്നി യാത്ര ചെയ്യുന്നവരുമാകാം.

ഏവർക്കും ഈസ്റ്റർ ആശംസകൾ നേരുന്നു.......



April Copy.indd 3 11-Apr-13 1:48:29 AM

# എമ്മവൂസ് - നവജീവിതത്തിലേക്കുള്ള വാതായനം



ക്രിസ്ത്യാനി ഒരു തീർത്ഥാടകനാണ്. ഉത്ഥിതനായ ക്രിസ്തുവിനോടൊപ്പം, ക്രിസ്തുവിനായി ഉയിർപ്പിന്റെ ആനന്ദത്തിലും സമാധാനത്തിലും ജീവിക്കേണ്ട തീർത്ഥാടകൻ. ക്രിസ്തുവിന്റെ ഉയിർപ്പ് ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഒരു ആനന്ദമാണ്, പുതുക്കമാണ്. ദുഃഖവെള്ളിയുടെ സങ്കടങ്ങളിൽ നിന്നും ഉയിർപ്പിന്റെ പ്രത്യാശയിലേക്കും സമാധാനത്തിലേക്കും പ്രവേശിക്കുന്നവർക്ക്, അചഞ്ചലമായ വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ പ്രത്യാശയും കരുത്തും പകരുന്ന ഉണർത്തുപാട്ടാണ് എമ്മവൂസ് സംഭവം (വി. ലൂക്കോസ് 24:13-35). ക്രിസ്തുസാന്നിധ്യവും അനുഭവവും നിറഞ്ഞുനിൽക്കുന്ന ദൈവനഗരമായ യെരുശലേമിൽ നിന്നും 11 കിലോമീറ്റർ അകലമുള്ള എമ്മവൂസിലേക്ക് ഉയിർപ്പു ഞായറാഴ്ച രണ്ട് ശിഷ്യർ യാത്ര തിരിച്ചു. അടഞ്ഞ ഉൾക്കണ്ണും മന്ദീഭവിച്ച ഹൃദയവുമായി ക്രിസ്തുസംഭവത്തെക്കുറിച്ച് സംസാരിക്കുകയും തർക്കിക്കുകയും വാദിക്കുകയും ചെയ്തുകൊണ്ട് ആ ശിഷ്യർ യാത്ര ചെയ്യുമ്പോൾ യേശുവും അടുത്തെത്തി അവരോടൊപ്പം കൂടി. എന്നാൽ യേശുവിനെ തിരിച്ചറിയാതെവണ്ണം അവരുടെ നയനങ്ങൾ നിരോധിച്ചിരുന്നു. തിരിച്ചറിയാൻ സാധിക്കാതെ പോയതിനു കാരണം അവർ തുടർന്നുകൊണ്ടിരുന്ന വാദപ്രതിവാദവും തർക്കങ്ങളും കലഹങ്ങളും അവരിലെ നിരാശയുമാകാം. തർക്കിച്ചും കലഹിച്ചും നടന്ന ശിഷ്യർ നിരാശരും മ്ലാനവദനരുമായിരുന്നു. ക്രിസ്തുവിനെ സംബന്ധിച്ച് ഒരാൾ അറിഞ്ഞിരിക്കേണ്ട എല്ലാ വസ്തുതകളും അവർക്ക് കൃത്യമായി അറിയാമായിരുന്നു. പേര്, ഐഡന്റിറ്റി, അന്ത്യം, ഉയിർപ്പ്, ശൂന്യമായ കല്ലറ... എല്ലാമെല്ലാം ക്രിസ്തുവിന്റെ കൂടെ നടന്നും വസിച്ചും ഇത്രയേറെ അറിവുകളും അനുഭവങ്ങളുമുണ്ടായിരുന്നിട്ടും കൂടെ നടന്ന ഗുരുവിനെ തിരിച്ചറിയാതവണ്ണം കണ്ണുകൾ മൂടപ്പെട്ടിരുന്നു. ഇത് ദൈവസാന്നിധ്യത്തിന്റെ പ്രശ്നമല്ല, മറിച്ച് തിരിച്ചറിവില്ലാത്തതിന്റെ പ്രശ്നമാണ്. നമ്മുടെ ജീവിതവഴികളിലൊക്കെ - സഹനത്തിലും സന്തോഷത്തിലും സന്താപത്തിലും രോഗപീഢയിലും ദുരന്തത്തിലും വേദനയിലും ഏകാന്തതയിലും നഷ്ടവീഥിയിലും - കർത്താവ് കൂടെയുണ്ട്. നമുക്ക് കൂടെ നടക്കുന്ന, വസിക്കുന്ന കർത്താവിനെ തിരിച്ചറിയാനാവുന്നുണ്ടോ? ഇമ്മാനുവേലിനെ തിരിച്ചറിയാതവണ്ണം നയനങ്ങളെ മൂടുന്ന പ്രതിലോമ ശക്തികൾ ഏതൊക്കെയാണ്? അറിവുകൾ എപ്പോഴും തിരിച്ചറിവിലേക്ക് നയിച്ചുകൊള്ളണമെന്നില്ല. ഏതൊരു ക്രിസ്തു ശിഷ്യന്റേയും ജീവിതത്തിൽ വന്നുഭവിക്കാവുന്ന ഒരു ദുരന്തമാണിത്. എന്തൊക്കെ നാട്യങ്ങളും പ്രകടനങ്ങളുമാണ് നമ്മുടെയൊക്കെ ജീവിതങ്ങളിൽ!! 2000 വർഷത്തെ പാരമ്പര്യത്തിലുള്ള പുകഴ്ച, ക്രിസ്തു ശിഷ്യരെന്നും ഭക്തരെന്നും വ്യക്തമായും കൃത്യമായും വെളിപ്പെടുത്തുന്ന വേഷവിതാനങ്ങൾ, സ്തോത്രോച്ഛാരണങ്ങൾ, സംസാരങ്ങളിലൊക്കെ തിരുകിക്കയറ്റുന്ന വേദവാക്യങ്ങൾ, യാമപ്രാർത്ഥനകൾ ഏഴും തികയ്ക്കുന്നു എന്ന അവകാശവാദം. നോമ്പാചരിക്കുന്നു എന്ന വെളിപ്പെടുത്തലുകൾ - എന്നിട്ടും നമ്മോടൊപ്പം നടക്കുന്ന യേശുവിനെ നമുക്ക് തിരിച്ചറിയാനാതെ പോകുന്നതെന്തുകൊണ്ടാണ് ?

പ്രതീക്ഷകളും സ്വപ്നങ്ങളും തകർന്ന് നിരാശരും നിസ്സഹായരുമായവർക്ക് ഉത്ഥിതൻ വി. ലിഖിതങ്ങൾ വ്യാഖ്യാനിച്ച് വിശദീകരിച്ചുകൊടുത്തപ്പോൾ അവരുടെ മുഖം പ്രകാശിച്ചു, ഹൃദയം



April Copy.indd 4 11-Apr-13 1:48:29 AM

ജ്വലിച്ചു. 'അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ' (വി. ലൂക്കോസ് 24:32) എന്നത് വളരെ സുന്ദരമായ ഒരു വചനമാണ്. ദൈവവചനത്തിന് കാതോർത്താൽ മ്ലാനത മാറും. തർക്കിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ ഈ പ്രമാണം ഓർത്ത് ഉന്നതിയിലേക്കും ദൈവവചനത്തിലേക്കും പിൻവലിയണം.

പിന്നീട് എമ്മവൂസിലേക്ക് യാത്ര തിരിച്ച ഈ ശിഷ്യരുടെ സംസാരവും ചർച്ചയും യേശുവിനോടായി. അവർ യേശുവിനോട് സംസാരിക്കുകയും യേശുവിൽനിന്ന് ശ്രവിക്കുകയും ചെയ്തതുപോലെ നാം നമ്മുടെ പ്രിയപ്പെട്ടവരോടൊന്നിച്ച് യേശുവിനോട് സംസാരിക്കുകയും യേശുവിൽനിന്ന് ശ്രവിക്കുകയും ചെയ്യുമെങ്കിൽ നമ്മുടെയും നിരാശ മാറി ഹൃദയം ജ്വലിക്കുവാനിടയാകും. സംവാദത്തിനൊടുവിൽ വചനവ്യാഖ്യാനത്തിനുശേഷം കർത്താവ് അപ്പം എടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്ക് കൊടുത്ത ഉടൻ അവരുടെ കണ്ണുകൾ തുറന്നു, അവർ യേശുവിനെ അറിഞ്ഞു എന്ന് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ സംവാദങ്ങളും, യേശു സഹവാസത്തിലേക്കും വചനധ്യാനത്തിലേക്കും അപ്പം നുറുക്കലിന്റെയും അനുഭവത്തിലേക്കും നമ്മെ നയിക്കേണ്ടിയിരിക്കുന്നു. എമ്മവൂസിൽ പങ്കുവയ്ക്കപ്പെട്ട വചനവും കാൽവരിയിൽ മുറിക്കപ്പെട്ട ശരീരവും ഇന്ന് വി. കുർബാനയിലൂടെ നമുക്ക് പങ്കുവയ്ക്കപ്പെടുന്നു. വിശ്വാസപൂർവം വി. കുർബാന നാം അനുഭവിക്കുമ്പോൾ നാമും തിരിച്ചറിവുള്ളവരായി മാറും. മൂടപ്പെട്ട കണ്ണുകൾ തുറക്കപ്പെടുവാനായി സുവിശേഷം കാണിച്ചു തരുന്നതും ഇതുതന്നെയാണ്.

ഉത്ഥിതനെ തിരിച്ചറിഞ്ഞ ആ രണ്ടു ശിഷ്യർ പിന്നീട് എമ്മവൂസിൽ തങ്ങിയില്ല; ക്ഷീണവും ഉറക്കവും വകവയ്ക്കാതെ യെരുശലേമിലേക്ക് തിരികെ മടങ്ങിപ്പോന്ന് പതിനൊരുവരോടും കൂടെയുള്ളവരോടും തങ്ങളുടെ അനുഭവം പങ്കുവച്ചു എന്ന് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവിനെ തിരിച്ചറിഞ്ഞവരും, അനുഭവിച്ചറിഞ്ഞവരും ആരും പിന്നെ വെറുതെയിരിക്കരുത്. സുവിശേഷം പങ്കുവെക്കണം. മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതുവരെ നമുക്കു ലഭിച്ച ക്രിസ്തു, നമ്മുടെ സ്വന്തമല്ല!

ഈ ശിഷ്യരെ സംബന്ധിച്ചിടത്തോളം എമ്മവൂസ് യാത്ര ഇമ്മാനുവേൽ അനുഭവത്തിന്റെ യാത്ര ആയിരുന്നു, എമ്മവൂസ് അനുഭവം നവജീവിതത്തിലേക്കുള്ള വാതായനമാണ് ശിഷ്യർക്ക് തുറന്നുകൊടുത്തത്. എല്ലാ ജീവിതാനുഭവങ്ങൾക്കു പിന്നിലും യേശുവിന്റെ സാന്നിധ്യം ഉണ്ടായിരുന്നുവെന്ന് വി. കുർബാനയിലൂടെ അവർക്ക് വെളിപ്പെട്ടു കിട്ടി. ഇടറിപ്പോകുന്ന ആരെയും കൂട്ടായ്മയിലേക്കും ദൈവാലയത്തിലേക്കും ദൈവസന്നിധിയിലേക്കുമെത്തിക്കുന്ന ഈ എമ്മവൂസ് യാത്രയിൽ നമുക്കും സഹയാത്രികരാകാം. ഉത്ഥിതന്റെ കരംഗ്രഹിച്ച്, ജീവന്റെ പുതുക്കത്തിലും ഉയിർപ്പിന്റെ ആനന്ദത്തിലും സമാധാനത്തിലും ഈ തീർത്ഥടനം നമുക്ക് അനുഗ്രഹപ്രദമാക്കാം.

സ്നേഹപൂർവ്വം,

ക്രിസ്തുയേശുവിൽ
നിങ്ങളുടെ ബെന്നിയച്ചൻ



April Copy.indd 5 11-Apr-13 1:48:29 AM



# *Can you feel other people's feelings?*

Can you feel other people's feelings? Do you understand very well your families, peer groups or even your very close friend's problems? I have felt other people's feelings many times and also read their minds… accidentally! Does that happen to you too? I feel it often. I have felt the bad and the good many times. Well! I appreciate those people who will or might understand how others also feel and act wise or a better way to them. But we might not know how they will react under some condition. But we must know to take up those situations and act accordingly to that. Some might have problems but do not like to share their problems with other people, it might be because they think they don't want them suffer or disturbed because of them. When stronger emotions like anger or jealousy or sadness rear their heads or minds, encourage them to talk about how he/she is feeling without acting out inappropriately. Some people come across a few others who feel that by sharing their problem might comfort them and feel more protective too. You can recognize any feeling that is what makes it a feeling. We also have to try not to play with other people's feelings. We also don't know when we can have the similar situation where we can or might face more than what others have faced. So those people have to be given another chance to prove themselves better. Everybody deserves other chance in their life. As friends or teachers, parents, or loved ones, we ourselves have the ability to face them, encourage them and act wisely. Please don't play with other feelings. No matter who they are or what they have done to you. Love everybody and stay in peace.


By

Aneena Mary Abraham.

## His Grace Elias Mor Athanasius Metropolitan is Greeted at the Airport



# Are You Bible Literate?
## Bible Crossword #4 April 2013





Leela Alexander

**ACROSS**

**3** Who was thrown into a den of wild animals that was sealed with a stone?
**6** Who suggested that stones could be turned to bread?
**7** What did Jesus say should not be cast before swine?
**9** Which shepherd went into battle with a bag of stones?
**12** Who commanded for costly stones to be brought for the foundation of the temple in Jerusalem?
**14** Who erected a large pillar of stone and called it Ebenezer?
**15** Who set up a commemorative stone after they covenated to serve the Lord?

**DOWN**

**1** Which disciple was called a rock?
**2** Who spoke of a rejected stone becoming the chief cornerstone?
**4** Which friend of Jesus had a stone rolled over the front of his tomb?
**5** Who rolled the stone across the tomb when Jesus was buried?
**8** Who had a garment with two onyx stones engraved with names?
**10** Who built an altar of stone that was cosumed by fire from heaven?
**11** Who rolled a stone from off a well so that Laban's flock could be watered?
**13** Who sat on a stone while the Amalekites fought?


This is the fourth in the series of Bible crossword puzzles for 2013. All the clues are about stones mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter.
This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is ocalex@batelco.com.bh / ocalexleela@gmail.com

Useful References: Luke 4, 1Samuel 7, 1Samuel 17, 1Kings 18, Exodus 17, Matthew 16, Joshua 24, Matthew 27, Matthew 21, John 11, Genesis 29, Daniel 6, 1Kings 5, Exodus 28, Matthew 7.



April Copy.indd 7 11-Apr-13 1:48:31 AM

# Solution to March 2013 Bible Crossword




## *Winners of Bible Crossword March 2013*

1. Abel John Kuruvilla
2. Acsah Elizabeth Abraham
3. Aibel Rejan Varghese
4. Akhil Basil Paulose
5. Akhil Sunil
6. Amal Sunil
7. Aneena Mary Abraham
8. Anjali Merin Sunil
9. Anjana Mariam Roy
10. Ann Jeepa Shaj
11. Ashley Shaju
12. Athira Sabu
13. Chithira Sabu
14. Christin Paul
15. Christy Mary Thomas
16. Dan Abraham
17. Elaine Agith
18. Flemy Eby
19. Jeeba C. Biju
20. Jibu Joseph Biju
21. Johann Agith
22. Kamal Baby Paul
23. Liya Sara Joseph
24. Mahal Mani Ulahannan
25. Manuvel Benny
26. Merlin Mary Basil
27. Milan Mani Mathew
28. Roshan Thomas Roy
29. Samuel Benny
30. Sebine Scaria
31. Serene Scaria
32. Sharon Paul
33. Sneha Elsa Kuruvilla
34. Sofia C. Paul
35. Sonu Daniel Sam
36. Thomas Sabu
37. Tinu Daniel Sam

**Names left out in February 2013 Crossword winners**

Amal Sunil , Ann Jeepa Shaj

*Congratulations......*

Leela Alexander



April Copy.indd 8 11-Apr-13 1:48:31 AM

# Quiz No: 3 (Acts 1 - 15)

1. അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരണം. അപ്പോൾ യൗവനക്കാർക്കും വൃദ്ധന്മാർക്കും എന്തു സംഭവിക്കും?
2. ദൈവത്തിനു മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ അടിച്ചു കൃമി ക്കിരയായി പ്രാണനെ വിട്ട വ്യക്തി ആര്?
3. ദൈവം യേശുവിനെ പ്രഭുവും രക്ഷിതാവുമായി തന്റെ വലങ്കയ്യാൽ ഉയർത്തിയി രിക്കുന്നത് യിസ്രായേലിനു എന്തൊക്കെ നൽകുവാനാണ്?
4. യേശു കഷ്ടം അനുഭവിച്ചശേഷം നാല്പതു നാളോളം ശിഷ്യന്മാർക്കു പ്രത്യക്ഷ നായി എന്തിനെക്കുറിച്ചാണ് അവരോട് പറഞ്ഞുകൊണ്ടിരുന്നത്?
5. നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു. ആര് ആരോട് പറഞ്ഞു?
6. മോശയ്ക്കു എത്ര വയസ്സുള്ളപ്പോളാണ് യിസ്രായേൽ മക്കളായ തന്റെ സഹോ ദന്മാരെ ചെന്നു കാണണം എന്നു മനസ്സിൽ തോന്നിയത്?
7. ലോകത്തിൽ ഒക്കെയും മഹാക്ഷാമം ഉണ്ടാകുമെന്നു ആത്മാവിൽ പ്രവചിച്ചതാര്?
8. പരിശുദ്ധത്മാവ് അപ്പൊസ്തലന്മാരുടെ മേൽ വരുമ്പോൾ അവർക്ക് ശക്തി ലഭി ച്ചിട്ടു എവിടെയെല്ലാം അവർ തന്റെ സാക്ഷികൾ ആക്കും എന്നാണ് യേശു പ റഞ്ഞത്?
9. നിലങ്ങളേയും വീടുകളേയും വിറ്റ്, ആ വിലകൊണ്ട് ഉടമസ്ഥർ ആരുടെ കാല്ക്ക ലാണ് വയ്ക്കുന്നത്?
10 അബ്രഹാം ഹാരാനിൽ വന്നു പാർക്കും മുമ്പേ, തേജോമയനായ ദൈവം അവനു പ്രത്യക്ഷനായി. ആ സ്ഥലം ഏത്?
11. ജീവികൾക്കും, മരിച്ചവർക്കും ന്യായാധിപതിയായി ദൈവത്താൽ നിയമിക്കപ്പെ ട്ടവൻ ആര്?
12. അനന്യാസ്, മരിച്ചതറിയാതെ ഏകദേശം എത്ര സമയം കഴിഞ്ഞാണ് സഫീര പത്രോസിന്റെ അടുക്കൽ വന്നത്?
13. യെഹൂദന്മാർ രാവും പകലും നഗരഗോപുരങ്ങളിൽ കാവൽ ഏർപ്പെടുത്തിയത് ആരെ കൊല്ലുവാനാണ്?
14. പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, ജീവനായകനെ കൊന്നുകളഞ്ഞു ആര് ആരോട് പറഞ്ഞു?
15. ദൈവത്തിന്റെ ദാനം പണത്തിനു വാങ്ങി കൊള്ളാം എന്നു നീ നിരൂപിക്കുകകൊ് നിന്റെ പണം നിന്നോടുകൂടെ നശിച്ചുപോകട്ടെ ആര് ആരോടു പറഞ്ഞു?

# Quiz No: 2 Answer

1. അരിമഥ്യയിലെ യോസേഫ് 19:38
2. പാപം നീതി ന്യായവിധി 16:8
3. നല്ല പ്രവൃത്തി നിമിത്തമല്ല. ദൈവദൂഷണം നിമിത്തവും നീ മനുഷ്യനായി രിക്കെ നിന്നെത്തന്നെ ദൈവം ആക്കുന്നതുകൊണ്ടുമത്രേ 10:33



April Copy.indd 9 11-Apr-13 1:48:31 AM

4. ലാസറിനെ ഉയിർപ്പിച്ചതു മുഖാന്തിരമായി അനേകം യെഹൂദന്മാർ യേശുവിൽ വിശ്വസിച്ചതുകൊണ്ട് 12:9
5. ഹന്നാവിന്റെ 18:12,13
6. അത്താഴം ആയപ്പോൾ 13:2
7. നിങ്ങൾക്കു സമാധാനം 20:17
8. വാതിൽ കാക്കുന്ന ബാല്യക്കാരി 18:18
9. തോമസ് സഹശിക്ഷ്യന്മാരോട് 11:16
10. ഈസ്സോപ്പ് തണ്ടിന്മേൽ 19:29
11. എഫ്രയീം 11.54
12. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം 13:34
13. മാർത്ത മറിയയോട് 11:28
14. മഹാ പുരോഹിതന്മാരോട് 19:22
15. സാക്ഷ്യം 15:27

*Congrats................*

## Usha Achenkunju



## Winners of Quiz No. 2

1. Aleyamma Thomas
2. Bisy Eby
3. Blessy Prajeesh
4. Christy Mariam Reji
5. Elaine Agith
6. Elsy Abraham
7. Giley Biju
8. Jessy Biju
9. Joji Susan Mani
10. Lali Chandy Joshua
11. Lissy Paulose
12. Mercy Abraham
13. Moly Baby
14. Sezil Baby
15. Shaiby Baby
16. Shelby Jacob
17. Shiny Binu
18. Synu Deena Varughese
19. Zibi Benny

## New Members



Eldho John (E 052),
Mob: 36594523
Address: Flat 3, Bldg. 1052,
Rd. 5222, Raszuwayed – 952.
In India: Njattumkalayil,
Valamboor, Pattimattom P.O.
Tel : 0484-2687705



Jijo Kuriakose (J 100),
Mob: 39959267
Address: Budaiya -550
In India: Moonnupediackal,
Yordhanapuram,
Thottakam, Kalady.
Tel : 0484-2617728



April Copy.indd 10 11-Apr-13 1:48:31 AM

# Happy Birthday.............



*Kezia Baby Paul*

8th Birthday on 9 April 2013



*Mathew Roy*

12th Birthday on 5 April 2013



*Ethan Shaj Kochakkan*

6th Birthday on 4 April 2013

## Newborn Babies

*Shaji M. Joy & Dany Shaji were blessed with a baby girl.*

*Arun Varghese & Sally Varghese were blessed with a baby boy.*

# Balasamajam 2013

**Secretary**



Miss Christy Mary Thomas

**Joint Secretary**



Master Ashley Shaju

**Teacher Coordinator**



Mrs. Jeeja Alex

**Captain - Shalem House**



Master Abel Jiji George

**Captain - Bethel House**



Miss Sruthi Mariam Saju

---



*Happy Birthday..............*

*Benyamin Samuel Mathew*

**5th Birthday on 4th April 2013**



April Copy.indd 12 11-Apr-13 1:48:32 AM

***In Loving Memory***

Late Mrs. Saramma Kuriakose lived in Bahrain from 1975-1991 and 2007-2011.



by sorrowing family.



April Copy.indd 13 11-Apr-13 1:48:33 AM

*25th Wedding Anniversary of*
*M.M. Cheriyan & Silvy Cheriyan*
*on 11th April 2013*



## അറിയിപ്പുകൾ

**ഏപ്രിൽ 26, വെള്ളി**
വടക്കൻ പറവൂരിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ അബ്ദുൾ ജലീൽ ബാവായുടെ ഓർമ്മപ്പെരുന്നാൾ.

നമ്മുടെ ഇടവകയുടെ പ്രമുഖ സ്ഥാപകാംഗവും, ഇടവകയിലെ പ്രഥമ വൈദീകനുമായിരുന്ന വന്ദ്യ ബാബു അച്ചന്റെ ഓർമ്മ ദിവസം.

**ഏപ്രിൽ 16,** ചൊവ്വ : സന്ധ്യാ പ്രാർത്ഥനയോടാരംഭിച്ച് ബുധനാഴ്ച സന്ധ്യാ പ്രാർത്ഥനയോടവസാനിക്കുന്ന അഖണ്ഡ പ്രാർഥന.

## അനുശോചനം

നമ്മുടെ ഇടവകാംഗങ്ങളായ സിബി തോമസ്സിന്റെ പിതാവും, M.A. കുരിയാക്കോസിന്റെ ഭാര്യയും, അജയ് എബ്രഹാം കുരിയാക്കോസിന്റെ മാതാവും, വിത്സൺ കെ.പി. യുടെ brother-in-lawയും, കർത്താവിൽ നിദ്രപ്രാപിച്ചു. ദു:ഖാർത്തരായ കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതരുടെ ആത്മാവിന് നിത്യ ശാന്തി നേരുന്നു.



April Copy.indd 14 11-Apr-13 1:48:33 AM

# Passion week photos























April Copy.indd 15 11-Apr-13 1:48:35 AM







